# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2100** **08.03.2018-ൽ മറുപടിക്ക്**

ഡിസ്ട്രിബ്യൂഷൻ പ്ലാൻ 2021-22 ൽ ഉൾപ്പെടുത്തിയ കാസർഗോഡ് ജില്ലയിലെ പ്രവൃത്തികൾ

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഡിസ്ട്രിബ്യൂഷൻ പ്ലാൻ 2021-22 ൽ കാസർഗോഡ് ജില്ലക്കാവശ്യമായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) & (സി) | 2021-22 ഓടു കൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി കാസർഗോഡ് ജില്ലയിലെ വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്ന ജോലി പുരോഗമിക്കുന്നു. ഇതിനായി ബോർഡിന്റെ തനതു ഫണ്ടിൽ നിന്ന് ഏകദേശം 169 കോടി രൂപ 4 വർഷത്തേയ്ക്ക് വകയിരുത്താനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | എങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഇതിനാവശ്യമായ തുക എത്രയാണെന്നും അറിയിക്കുമോ; | | |
| (സി) | ഈ പ്രവൃത്തികൾ ചെയ്യുന്നതിന് തുക അനുവദിച്ചിട്ടുണ്ടോയെന്നും എന്തെങ്കിലും പ്രവൃത്തികൾ തുടങ്ങിയോയെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ